# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ആറ്

Tue ➡

## ഇത്ര വലിയ രക്ഷ

ഈ ദൂതിന്റെ വിഷയം "ഇത്ര വലിയ രക്ഷ" എന്നാണ് (2:4). ഈ വിഷയത്തെ ആസ്പദമാക്കി അനേകം ആളുകൾ സ്വർഗത്തിൽ പോകുന്നതിനെക്കുറിച്ചു പ്രസംഗിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായമനുസരിച്ച്, "ഇത്ര വലിയ രക്ഷ" സ്വർഗത്തിലേക്കു പോകുന്നതാണ്. ഈ ധാരണ വളരെ താണതാണ്. "ഇത്ര വലിയ രക്ഷ" അത്ര താണതല്ല. എന്തുകൊണ്ടാണ് സുവിശേഷം പ്രസംഗിക്കുവാൻ ഇങ്ങനെയുള്ള ഉന്നതമായ ഒരു വിഷയത്തെ ഇത്രയും താഴ്ന്ന ഒരു ആശയത്തോടെ ആളുകൾ ഉപയോഗിക്കുന്നത്? അത് അവരുടെ രക്ഷയുടെ അനുഭവം താണതായതുകൊണ്ടാണ്. "ഇത്ര വലിയ രക്ഷ" എന്ന പ്രയോഗം അവർക്കുണ്ടെങ്കിലും, എബ്രായലേഖനത്തിലുള്ള ഈ പ്രയോഗത്തിന്റെ ആഴം അവർ തിരിച്ചറിയുന്നില്ല. "ഇത്ര വലിയ രക്ഷ"യുടെ ആഴത്തിലേക്കു പ്രവേശിക്കുന്നതിനായി, ദൈവത്തിന്റെ രക്ഷയെക്കുറിച്ചുള്ള പരമ്പരാഗത ധാരണയിൽ നിന്നും, ദൈവത്തിന്റെ മഹത്തായ രക്ഷയുടെ ആഴമേറിയ തിരിച്ചറിവിലേക്ക് നാം നദി മുറിച്ചുകടക്കേണ്ടതുണ്ട്.

എബ്രായലേഖനത്തിന്റെ അടിസ്ഥാന ആശയം നദി മുറിച്ചുകടക്കുന്നതാണ്, ഒരു വശത്തുനിന്നും മറുവശത്തേക്കു കടക്കുന്നതാണ്. അത് ഒന്നാമത് യെഹൂദമതത്തിന്റെ വശത്തുനിന്നും "ഇത്ര വലിയ രക്ഷ"യുടെ വശത്തേക്കു കടക്കുന്നതാണ്. യെഹൂദന്മാരുടെ പഴയ മതം പഴയ രാജ്യമായിത്തീർന്നു, നദിയുടെ മറുവശം നാം എല്ലാവരും ഉപേക്ഷിക്കണം. നാം യെഹൂദ വിശ്വാസികളല്ലെങ്കിലും, വാസ്തവമായി നാം "മറുവശം" എന്നു വിളിക്കപ്പെടുന്ന ആ മേഖലയിൽ ആയിരിക്കാം. അത് പഴയ ക്രിസ്തുമതത്തിന്റെ മറുവശമായിരിക്കാം. ഈ ദൂത് വായിക്കുന്ന നിങ്ങളിൽ ചിലർ ഇപ്പോഴും പഴയ ക്രിസ്തുമതത്തിന്റെ മേഖലയിലോ ക്രിസ്തുമതത്തിന്റെ പഴയ ആശയങ്ങളുമായി പറ്റിനിൽക്കുന്നവരോ ആയിരിക്കുന്നുവെന്ന് ഞാൻ ആശങ്കപ്പെടുന്നു. ഒരുപക്ഷേ നിങ്ങൾ കൂടുതൽമെച്ചമായ ചിലത് കേട്ടിട്ടുള്ള സഭയിൽവന്നിട്ടുണ്ടായിരിക്കാം, എന്നാൽ കഴിഞ്ഞ കാലങ്ങളിൽനിന്നുള്ള നിരവധി നല്ല

കാര്യങ്ങൾ നിങ്ങൾക്കുണ്ടെന്നും അവയെ മറക്കുവാൻ നിങ്ങൾക്കു കഴിയുന്നില്ലെന്നും നിങ്ങൾഇപ്പോഴും ചിന്തിക്കുന്നു. ഒരുപക്ഷേ ഇപ്പോൾ, ഈ നിമിഷംപോലും, "ഞാൻ മുന്നോട്ട് പോകണോ, അതോ ഞാൻ ഇവിടെത്തന്നെ നിൽക്കണമോ?" എന്ന് നിങ്ങൾ നിങ്ങളോടുതന്നെ ചോദിച്ചുകൊണ്ട് ചാഞ്ചാടുന്നുണ്ടാകാം. നിങ്ങൾ പിന്നിലേക്ക് പോകുന്നില്ലായിരിക്കാം, എന്നാൽ നിങ്ങൾ ഇപ്പോൾ ഉള്ളിടത്ത് നിൽക്കണമോ വേണ്ടയോ എന്ന് ചിന്തിക്കുന്നുണ്ടാകും. നിങ്ങൾക്ക് എബ്രായലേഖനം ആവശ്യമാണ്. നദി മുറിച്ചുകടക്കുവാൻ, മറുകരയിൽ നിന്നും വരുവാൻ നിങ്ങൾ പ്രോത്സാഹിതരാകേണ്ട ആവശ്യമുണ്ട്.

നാം എല്ലാ ദിവസവും നദികൾ മുറിച്ചുകടക്കണം. കുറഞ്ഞപക്ഷം നാം ഒരു ചെറിയ നദിയെങ്കിലും മുറിച്ചുകടക്കണം. നിങ്ങളുടെ ഭാര്യയെ വേദനിപ്പിച്ചശേഷം ഒരു നദി മുറിച്ചുകടക്കേണ്ട ആവശ്യം നിങ്ങൾക്കുണ്ടായിരിക്കാം. അവളെ വേദനിപ്പിച്ചശേഷം, നിങ്ങൾ നിങ്ങളെത്തന്നെ ഒരു പഴയ പ്രദേശത്ത് കണ്ടെത്തുന്നു. നിങ്ങൾ നദി മുറിച്ചുകടക്കണം. വില നൽകാൻ നിങ്ങൾ തയ്യാറാകുന്നില്ലെങ്കിൽ, നിങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടിക്കൊണ്ടിരിക്കും. ആ ചെറിയ നദി നിങ്ങൾ മുറിച്ചുകടക്കണം. ആ നദി ചെറുതാണെങ്കിലും, അത് അതിവിശുദ്ധസ്ഥലത്തുനിന്ന്, "ഇത്ര വലിയ രക്ഷ"യുടെ ആസ്വാദനത്തിൽനിന്ന് നിങ്ങളെ വേർതിരിക്കുന്നു. നിങ്ങൾ മുറിച്ചുകടക്കുന്ന ഓരോ നദിയും നിങ്ങൾക്ക് ഒരു രക്ഷയായിത്തീരുന്നു, എന്നാൽ നിങ്ങൾ മുറിച്ചുകടക്കാത്ത ഓരോ നദിയും ഒരു തിരശ്ശീലയായിത്തീരുന്നു. നിങ്ങൾ നദിയുടെ മറുവശത്ത് നിൽക്കുന്നിടത്തോളം നിങ്ങൾ തിരശ്ശീലയ്ക്കു വെളിയിലാണ്. നിങ്ങൾ "ഇത്ര വലിയ രക്ഷ"യിൽ പങ്കെടുക്കുന്ന അതിവിശുദ്ധസ്ഥലത്തല്ല. നിങ്ങൾ നദി മുറിച്ചുകടക്കുകയാണെങ്കിൽ, നിങ്ങൾ തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും വലിയ രക്ഷയിൽ ഓഹരിക്കാരാകുകയും ചെയ്യും.

മുമ്പ് എബ്രായലേഖനം പഠിക്കുമ്പോൾ ഞാൻ രണ്ട് ആദർശവാക്യങ്ങൾ ഉപയോഗിച്ചിരുന്നു. ഒന്നാമത്തേത് "പാളയത്തിനു പുറത്ത്" എന്ന് 13:13-ൽ കാണുന്നതാണ്: അതു പറയുന്നു, "അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം." "പാളയമില്ലാതെ" എന്നാണ് കിംഗ് ജെയിംസ് പതിപ്പ് പറയുന്നതെങ്കിലും യവനഭാഷയെ "പാളയത്തിനു പുറത്ത്" എന്ന് വിവർത്തനം ചെയ്യുന്നതാണ് ഉത്തമം. നാം എല്ലാവരും പാളയത്തിന് പുറത്തു പോകണം. എന്താണ് പാളയം? വാസ്തവമായി പാളയം യെഹൂദമതമായിരുന്നു. ഇന്ന് പാളയം എന്നത് ദൈവത്തിന്റെ മഹത്തായ രക്ഷയുടെ ആസ്വാനത്തിൽനിന്നും നിങ്ങളെ വേർതിരിക്കുന്ന ക്രിസ്തുമതമോ, കത്തോലിക്കാമതമോ,

മതപരവും ലോകപരവുമായ മറ്റെന്തെങ്കിലുമോ ആകാം. അതിനാൽ നമുക്ക് പാളയത്തിന് പുറത്ത് പോകാം. അപ്പോൾ നാം എവിടെപ്പോകും? ഇതു നമ്മെ "തിരശ്ശീലയ്ക്കുള്ളിൽ" എന്ന രണ്ടാമത്തെ ആദർശവാക്യത്തിലേക്ക്, അതായത് 6: 19-20-ൽ കാണപ്പെടുന്ന അതിവിശുദ്ധസ്ഥലത്തിനുള്ളിൽ കൊണ്ടുവരുന്നു. നമ്മുടെ മുൻഗാമിയായ യേശു തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ചിരിക്കുന്നു. അവൻ ഇപ്പോൾ അതിവിശുദ്ധസ്ഥലത്തുണ്ട്. അവൻ തീർച്ചയായും ഒരു പാളയത്തിലുമില്ല.

ചില ക്രിസ്ത്യാനികൾ അവരുടെ വിശകലന മനസ്സിൽ പാളയമടിച്ചിരിക്കുവാൻ ഇഷ്ടപ്പെടുന്നു. അവരുടെ മനസ്സ് അവരുടെ പാളയമായിത്തീരുന്നു. വാസ്തവത്തിൽ അത്, അബ്രാഹാം നല്ലദേശത്തു പ്രവേശിക്കുന്നതിനു മുമ്പ് പാർത്തിരുന്ന അവരുടെ കൽദയ, അവരുടെ മെസൊപ്പൊത്തോമ്യ പോലും ആയിത്തീർന്നേക്കാം. നിങ്ങൾ നല്ലദേശത്ത് അല്ലാതിരിക്കുന്നിടത്തോളം നിങ്ങൾ നദി മുറിച്ചുകടക്കേണ്ടത് ആവശ്യമാണ്. നല്ലദേശത്തേക്ക് നിങ്ങൾ നദി മുറിച്ചുകടക്കേണ്ടത് എത്രമാത്രം ആവശ്യമായിരിക്കുന്നു! എന്താണ് നിങ്ങളുടെ കൽദയ? മിക്കവാറും എല്ലാ ക്രിസ്ത്യാനികൾക്കും ചിലതരം കൽദയയുണ്ട്. ചില ക്രിസ്ത്യാനികൾ അവരുടെ വേദപുസ്തക പരിജ്ഞാനത്തിൽ മുറികെപ്പിടിച്ചിരിക്കുന്നു. തങ്ങൾക്ക് വേദപുസ്തകം അറിയാമെന്നു ചിന്തിച്ചുകൊണ്ട് അവർ വേദപുസ്തക പഠനത്തിന്റെ കാര്യത്തെ മുറുകെപ്പിടിക്കുന്നു. അങ്ങനെ, അവരുടെ വേദപുസ്തക പരിജ്ഞാനം അവരുടെ കൽദയയായിത്തീരുന്നു. നമ്മുടെ ഇടയിലുള്ള ചില സഹോദരന്മാർക്ക് പാരമ്പരാഗത വേദപുസ്തക പരിജ്ഞാനത്തിന്റെ വശത്തുനിന്നും, ചിലർക്ക് അവരുടെ മതപശ്ചാത്തലത്തിന്റെ വശത്തുനിന്നും, ചിലർക്ക് അവരുടെ മുൻകാല അനുഭവങ്ങളുടെ വശത്തുനിന്നും നദി മുറിച്ചുകടക്കേണ്ടി വന്നിട്ടുണ്ട്. ഓ, എബ്രായലേഖനം നദി മുറിച്ചുകടക്കുന്നതിനെ സംബന്ധിച്ച ഒരു പുസ്തകമാണെന്ന് നാമെല്ലാവരും എത്രത്തോളം മനസ്സിലാക്കേണ്ടതുണ്ട്! "ഇത്ര വലിയ രക്ഷ"യുടെ നിലവാരത്തിനടുത്തു വരാത്ത ഒരു കാര്യത്തെയും ഒരിക്കലും മുറുകെപ്പിടിക്കരുത്.

വർഷങ്ങൾക്ക് മുമ്പ് എനിക്ക് നിരവധി കൂട്ടുവേലക്കാർ ഉണ്ടായിരുന്നു. അവർ യാതൊന്നിനോടും പറ്റിനിൽക്കാത്തവരായതുകൊണ്ട് ആദ്യം അവർക്ക് കുഴപ്പമില്ലായിരുന്നു. എന്നാൽ, ചില വർഷങ്ങൾക്കുശേഷം അവരിൽ ചിലർ ചില കാര്യങ്ങളോട് പറ്റിനിന്നു. ആ കാര്യങ്ങൾ നല്ലതായിരുന്നുവെങ്കിലും അത് അവരുടെ കൽദയയായിത്തീർന്നു. യോർദ്ദാൻനദി മുറിച്ചുകടക്കുവാൻ യോശുവ യിസ്രായേല്യരെ നയിച്ചപ്പോൾ അവർ അവനോടുകൂടെ ഉണ്ടായിരുന്നെങ്കിൽ, അവരിൽ ചിലർ അവനെ ഒരുപക്ഷേ തടഞ്ഞുകൊണ്ട് ഇങ്ങനെ പറയുമായിരിന്നു,

"ഇതു ചെയ്യരുത്. ഞങ്ങൾ മിസ്രയീമിൽനിന്ന് പുറത്തുവരുകയും ചെങ്കടൽ കടക്കുകയും ചെയ്തപ്പോൾ, യോർദ്ദാൻ കടക്കേണ്ടിവരു മെന്ന് ഞങ്ങളോട് ആരും ഒരിക്കലും പറഞ്ഞിട്ടില്ല." ആ കൂട്ടുവേ ലക്കാർക്കുണ്ടായിരുന്ന പഴയ അറിവും അനുഭവവും അവരുടെ കൽദയയായിത്തീർന്നു, അവർ നദി മുറിച്ചുകടക്കുകയില്ല. എങ്കിലും, ദിനംതോറും കർത്താവ് മുന്നോട്ടുപോകുന്നു. അവൻ നിശ്ചലനായി നിൽക്കുന്നില്ല. നമ്മിലാരും കഴിഞ്ഞ കാലങ്ങളിൽ അനുഭവിച്ച കാര്യങ്ങളിൽ തങ്ങിനിൽക്കരുത്. നിങ്ങൾ മുന്നോട്ടു പോകണം. പൊയ്ക്കൊണ്ടേയിരിക്കുക. മുന്നോട്ടുപോകുന്ന ഒരുവനാണ് ഒരു എബ്രായൻ.

"ഇത്ര വലിയ രക്ഷ" എന്താണെന്ന് ഇപ്പോൾ നാം കാണേണ്ടത് ആവശ്യമാണ്. ഈ രക്ഷ സ്വർഗത്തിലേക്ക് പോകുന്ന കാര്യത്തിലോ പാപക്ഷമയുടെയും വിശ്വാസത്താലുള്ള നീതീകരണത്തിന്റെയും കാര്യത്തിലോ അല്ല വലുതായിരിക്കുന്നത്. പാപക്ഷമയും വിശ്വാസത്താലുള്ള നീതീകരണവും ഞാൻ വിലമതിക്കുന്നുവെ ങ്കിലും, "ഇത്ര വലിയ രക്ഷ"യെക്കുറിച്ചു പറയുന്ന എബ്രായലേഖനം അതിലും ഉന്നതമായ ചിലതു സംസാരിക്കുന്നു. പാപക്ഷമയും വിശ്വാസത്താലുള്ള നീതീകരണവും രക്ഷതന്നെയാണ്, എന്നാൽ അവ "ഇത്ര വലിയ രക്ഷ" അല്ല. "ഇത്ര വലിയ രക്ഷ" വീണ്ടുംജനനത്തിന്റെ കാര്യത്തിൽപോലും അത്ര വലുതല്ല. അപ്പോൾ, എന്തിലാണ് ഈ രക്ഷ ഇത്ര വലുതായിരിക്കുന്നത്?

## I. ക്രിസ്തു എന്തായിരിക്കുന്നു എന്നതിൽ വലുതായിരിക്കുന്നു

ഒന്നാമതായി, ക്രിസ്തു എന്തായിരിക്കുന്നു എന്നതിൽ അത് വലുതായിരിക്കുന്നു. എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ "ഇത്ര വലിയ" എന്ന പ്രയോഗം ഉപയോഗിച്ചു. ഈ പ്രയോഗം നിർവചിക്കുവാൻ പ്രയാസമാണ്. "ഇത്ര വലിയ" എന്നത് എത്ര വലുതാണ്? "ഇത്ര വലിയ" എന്നതിനെ നമുക്ക് പര്യാപ്തമാംവണ്ണം വിശദീകരിക്കുവാൻ കഴിയില്ലെങ്കിലും, ഇത് ക്രിസ്തു എന്തായിരിക്കുന്നു എന്നതിൽ "ഇത്ര വലിയ രക്ഷ"യാണ്. ക്രിസ്തു എന്താകുന്നു എന്ന് നിങ്ങൾക്കറിയാമോ? നാലു സുവിശേഷങ്ങള നുസരിച്ച് നിങ്ങൾക്ക് ക്രിസ്തുവിനെ അറിയാമായിരിക്കുമെങ്കിലും, എബ്രായലേഖനപ്രകാരം നിങ്ങൾക്ക് ക്രിസ്തുവിനെ അറിയാമോ?

### A. ദൈവപുത്രനെന്ന നിലയിൽ, ദൈവമായി

ക്രിസ്തുവിനെ ദൈവപുത്രനെന്ന നിലയിൽ നിങ്ങൾക്കറിയാമോ? ഒരുപക്ഷേ നിങ്ങൾ അവനെ ദൈവപുത്രനെന്ന നിലയിൽ അപൂർണമായ ഒരു രീതിയിൽ അറിയുന്നുണ്ടാവും. പിതാവ് ഒരു ദൈവമാണെന്നും പുത്രൻ മറ്റൊരു ദൈവമാണെന്നും

നിങ്ങൾക്ക് ഉപബോധമനസ്സിൽ ഒരു ധാരണ ഉണ്ടായിരിക്കാം. നിങ്ങൾക്ക് ഇത്തരത്തിലുള്ള പദാവലി ഇല്ലായിരിക്കാം, എന്നാൽ നിങ്ങളുടെ ഉള്ളിൽ ഈ ധാരണ നിങ്ങൾ പിടിച്ചിട്ടുണ്ടാകും. ഇക്കാരണത്താലാണ് "ഇത്ര വലിയ രക്ഷ" എന്നത് ദൈവപുത്രനെന്ന നിലയിൽ, ദൈവമെന്ന നിലയിൽ ക്രിസ്തു എന്തായിരിക്കുന്നു എന്നതിൽ വലുതാകുന്നു എന്നു ഞാൻ പറയുന്നത്. ക്രിസ്തു ദൈവപുത്രനാണെന്ന് നാം പറയുമ്പോൾ, നാം അർഥമാക്കുന്നത് അവൻ ദൈവമാകുന്നു എന്നാണ്. അവൻ ദൈവമല്ലാതെ മറ്റാരുമല്ല.

ഇത് നമ്മെ വീണ്ടും ത്രിത്വത്തിന്റെ വിഷയത്തിലേക്കു കൊണ്ടുവരുന്നു. വേദപുസ്തകമനുസരിച്ച്, ത്രിത്വമെന്ന വിഷയത്തെ നമുക്ക് രണ്ടു രീതിയിൽ കൈകാര്യം ചെയ്യുവാൻ കഴിയും — ഉപദേശത്തിന്റെ രീതിയിൽ അല്ലെങ്കിൽ അനുഭവത്തിന്റെ രീതിയിൽ. ഒരു ദിവസം കർത്താവിന്റെ ശിഷ്യന്മാരിൽ ഒരുവനായ ഫിലിപ്പൊസ് അവനോടു പറഞ്ഞു, "കർത്താവേ, ഞങ്ങൾക്കു പിതാവിനെ കാണിച്ചുതരേണം, ഞങ്ങൾക്ക് അതു മതി" (യോഹന്നാൻ 14:8). ഇത് ഉപദേശപരമായ ഒരു ചോദ്യമാണ്. ഉപദേശപരമായി പറഞ്ഞാൽ, പുത്രൻ പുത്രനും പിതാവ് പിതാവുമാണ്. ഒരുപക്ഷേ ഫിലിപ്പൊസ് ഇങ്ങനെ ചിന്തിച്ചുകാണും, "പുത്രൻ ഇപ്പോൾ നമ്മോട് സംസാരിക്കുന്നു, എങ്കിലും ഞങ്ങൾ പിതാവിനെ കണ്ടിട്ടില്ല. അതിനാൽ പിതാവിനെ കാണിച്ചുതരുവാൻ ഞാൻ പുത്രനോട് അപേക്ഷിക്കും." കർത്താവായ യേശു ഫിലിപ്പൊസിനോട് ഉപദേശത്തിന്റെ രീതിയിലല്ല, അനുഭവത്തിന്റെ രീതിയിലാണ് ഉത്തരം പറഞ്ഞത്. "യേശു അവനോട്, ഇത്രയും ദീർഘകാലം ഞാൻ നിങ്ങളുടെകൂടെ ഉണ്ടായിരുന്നിട്ടും, നീ എന്നെ അറിഞ്ഞില്ലയോ, ഫിലിപ്പൊസേ? എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു: പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം, എന്നു നീ പറയുന്നത് എങ്ങനെ?" (യോഹ. 14:9). ഫിലിപ്പൊസ് പുത്രനെ കണ്ടിരിക്കുന്നിടത്തോളം അവൻ പിതാവിനെ കണ്ടിരിക്കുന്നു. ഉപദേശം സംബന്ധിച്ചിടത്തോളം, പിതാവും പുത്രനും രണ്ടാണ്, എന്നാൽ അനുഭവം സംബന്ധിച്ചിടത്തോളം, നിങ്ങൾ പുത്രനെ കാണുമ്പോൾ, നിങ്ങൾ പിതാവിനെ കാണുന്നു. നിരവധി ക്രിസ്ത്യാനികൾ തങ്ങളുടെ അനുഭവത്തെ അവഗണിച്ചുകൊണ്ട്, ത്രിത്വത്തെക്കുറിച്ച് മാനസികവും ഉപദേശപരവുമായ രീതിയിൽ സംസാരിക്കുന്നു. മുമ്പിലത്തെ ഒരു ദൂതിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ, പിതാവും പുത്രനും ആത്മാവുമെല്ലാം നമ്മിൽ ഉണ്ടെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. ഉപദേശപരമായി പറഞ്ഞാൽ, പിതാവ് നമ്മിലുണ്ട്, പുത്രൻ നമ്മിലുണ്ട്, ആത്മാവും നമ്മിലുണ്ട്. എങ്കിലും അനുഭവപരമായി പറഞ്ഞാൽ, നമ്മിൽ

ഒരാൾ മാത്രമേയുള്ളൂവെന്ന് നാം മനസ്സിലാക്കുന്നു. അങ്ങനെ, ഉപദേശപരമായിരിക്കുന്നത് ഒരു കാര്യവും, അനുഭവപരമായിരിക്കുന്നത് മറ്റൊരു കാര്യവും ആണ്.

Wed ➡ എന്റെ ചെറുപ്പകാലം മുതൽ, എന്റെ കുടുംബം അമേരിക്കൻ മിഷനറിമാരുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നതുകൊണ്ട്, ഞാൻ അമേരിക്കയെക്കുറിച്ച് വളരെയധികം കേട്ടിട്ടുണ്ട്. അമേരിക്കയെക്കുറിച്ച് എനിക്ക് ഉപദേശപരമായ ഒരു ധാരണ ഉണ്ടായിരുന്നു. സാൻ ഫ്രാൻസിസ്കോ, ലോസ് ഏഞ്ചലസ്, ചിക്കാഗോ, പിറ്റ്സ്ബർഗ്, ഡിട്രോയിറ്റ്, വാഷിംഗ്ടൺ, ഡിസി, ന്യൂയോർക്ക് സിറ്റി എന്നിവ എങ്ങനെയായിരിക്കുമെന്ന് ഞാൻ മാനസികമായി ചിത്രീകരിച്ചിരുന്നു. 1958-ൽ ഞാൻ ഈ രാജ്യത്ത് വന്നപ്പോൾ, ഈ നഗരങ്ങളെ അനുഭവപരമായി കണ്ടു. എന്തൊരു വ്യത്യാസം! അവ എന്റെ ഉപദേശത്തിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു. എന്റെ അനുഭവം മൊത്തമായും എന്റെ ഉപദേശത്തിൽനിന്നും വ്യത്യസ്തമായിരുന്നു. നിങ്ങളുടെ ഉപദേശത്തിൽ വിശ്വസിക്കരുത്. അനുഭവമാണ് നിങ്ങൾക്ക് ആവശ്യം.

ജോൺ ബനിയന്റെ *പരദേശി മോക്ഷയാത്രയിൽ* മായാമേള എന്നു വിളിക്കപ്പെടുന്ന ഒരു സ്ഥലമുണ്ട്. അനുഭവമില്ലാത്ത ഉപദേശം അത്തരമൊരു മായാമേളയാണ്; മൂല്യമുള്ളതൊന്നും വിൽക്കാത്ത ഒരു മായച്ചന്തയാണത്. അനുഭവമില്ലാതെ ഉപദേശത്തെക്കുറിച്ചുള്ള മാനസിക ധാരണ കേവലം ഒരു മായയാണ്. ഞാൻ ഏഴര വർഷത്തോളം അത്തരമൊരു മായച്ചന്തയിലായിരുന്ന് ഉപദേശവും പദാവലികളുമല്ലാതെ മറ്റൊന്നും നേടിയില്ല. പരിശീലിക്കുവാൻ കഴിയുന്ന വളരെ കുറച്ചു മാത്രമേ ഞാൻ നേടിയുള്ളൂ. ആ മായച്ചന്ത എന്റെ കൽദയ ആയിരുന്നു. ഒരു ദിവസം ഞാൻ നദി മുറിച്ചുകടക്കുകയും ക്രിസ്തുവിന്റെയും സഭാജീവിതത്തിന്റെയും അനുഭവമെന്ന നല്ലദേശത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു.

ഉപദേശങ്ങളുടെ കാര്യത്തിൽ സത്യമാകുന്നത് വരങ്ങളുടെ കാര്യത്തിലും സത്യമാകുന്നു. ഒരു സമയത്ത്, പെന്തക്കോസ്തുപരമെന്നു വിളിക്കപ്പെടുന്ന കാര്യങ്ങൾ രുചിച്ചുനോക്കണമെന്ന് എനിക്കും നമ്മുടെ ചില കൂട്ടുവേലക്കാർക്കും തോന്നി. അങ്ങനെ ഞാൻ അന്യഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി. ഒടുവിൽ, അതൊരു മായച്ചന്തയല്ല, പ്രത്യുത കലക്കത്തിന്റെ ചന്തയാണെന്ന്, ഒരു കലക്കച്ചന്തയാണെന്ന്, ഞാൻ മനസ്സിലാക്കി. ആ സാഹചര്യം ഇന്ന് എത്ര കലക്കമുള്ളതാണന്ന് അറിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ആ ചന്ത സന്ദർശിക്കണം. അവിടെയുള്ളതെല്ലാം ആശയക്കുഴപ്പത്തിലാണ്. യഥാർഥ കാര്യങ്ങളും തെറ്റായ കാര്യങ്ങളും, നല്ല കാര്യങ്ങളും ചീത്ത കാര്യങ്ങളും എല്ലാം ഒരുമിച്ചു കലർന്നിരിക്കുന്നു.

ക്രൈസ്തവലോകത്തിന്റെ ഒരു കോണും നാമമാത്ര പെന്തക്കോസ്ത് പ്രസ്ഥാനം പോലെ ആശയക്കുഴപ്പത്തിലല്ല. അങ്ങനെ മറ്റുള്ളവരും ഞാനും ഒരിക്കൽക്കൂടി നദി മുറിച്ചുകടന്നു.

സഭാജീവിതത്തിലുള്ളവരും അവരുടെ പഴമയിൽനിന്ന് നദി മുറിച്ചുകടക്കേണ്ട ആവശ്യമുണ്ട്. പതിനഞ്ചോ ഇരുപതോ വർഷം മുമ്പ് അന്നു നിങ്ങൾക്കുണ്ടായിരുന്ന കാര്യങ്ങൾ നല്ലതായിരുന്നു, എന്നാൽ അത് പഴയതായിത്തീർന്നിരിക്കുന്നു. ആ സമയത്ത് നിങ്ങൾ ചെങ്കടൽ കടന്നിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങൾ യോർദ്ദാൻ നദി മുറിച്ചുകടക്കണം. ഇരുപത് വർഷം മുമ്പ് എന്റെ പരിശീലനത്തിൻകീഴിലായിരുന്ന ഒരു സഹോദരനെ ഞാൻ ഈയിടെ കണ്ടിരുന്നു. അവനെ കണ്ടപ്പോൾ ഞാൻ അവനുവേണ്ടി ആകുലചിത്തനായി. അവൻ ഇപ്പോഴും ആ പഴയ പ്രദേശത്താണെന്ന് തോന്നുന്നു. നിങ്ങൾ ആ തത്ത്വം അറിയുന്നില്ലേ? ആരംഭത്തിൽ, പുറപ്പാടിലും ലേവ്യയിലും സംഖ്യയിലും ആവർത്തനത്തിലുമുള്ള ദിവ്യ അരുളപ്പാടുകളനുസരിച്ച് സ്ഥാപിക്കപ്പെട്ട സകലവും ശരിയായിരുന്നു. എങ്കിലും, ഒരു നിശ്ചിത സമയത്തിനുശേഷം അത് യെഹൂദമതം എന്ന പഴയ സമ്പ്രദായമായിത്തീർന്നു. ആ സമ്പ്രദായത്തിലുണ്ടായിരുന്നവർക്ക് നദി മുറിച്ചുകടക്കേണ്ടി വന്നു. അതുപോലെ, ഇരുപതു വർഷം മുമ്പ് നിങ്ങൾ സ്വീകരിച്ചത് നല്ലതാണ്, എന്നാൽ ഇപ്പോൾ നിങ്ങൾ ആ പ്രദേശത്തുനിന്നും നദി മുറിച്ചുകടക്കണം. നിങ്ങളുടെ പഴമയിൽനിന്ന് നദി മുറിച്ചുകടക്കുവാൻ ഞാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു.

ക്രിസ്തു ദൈവപുത്രനാണ്. അവൻ ദൈവം തന്നെയുമാണ്. നിങ്ങളുടെ ചിന്താഗതിയനുസരിച്ച് ത്രിത്വത്തെ മനസ്സിലാക്കുവാൻ നിങ്ങൾ ശ്രമിക്കുകയാണെങ്കിൽ, 1:8, 9 എന്നീ വാക്യങ്ങൾ നിങ്ങൾ എങ്ങനെ വിശദീകരിക്കും? "എന്നാൽ *പുത്രനെക്കുറിച്ച്, ദൈവമേ* നിന്റെ സിംഹാസനം എന്നെന്നേക്കുമുള്ളത്, നിന്റെ രാജ്യത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ ആകുന്നു. നീ നീതിയെ സ്നേഹിച്ചും അധർമത്തെ വെറുത്തുമിരിക്കുന്നു; അതുകൊണ്ട്, ദൈവം, *നിന്റെ ദൈവം*, നിന്റെ കൂട്ടാളികൾക്കു മീതെ നിന്നെ ഹർഷോന്മാദത്തിൻ എണ്ണകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" "എന്നാൽ പുത്രനെക്കുറിച്ച്, ദൈവമേ നിന്റെ സിംഹാസനം" എന്ന് വാക്യം 8-ഉം "ദൈവം, നിന്റെ ദൈവം, നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്ന് വാക്യം 9-ഉം പറയുന്നു. *ദൈവമേ* എന്നും *നിന്റെ ദൈവം* എന്നുമുള്ള രണ്ടു പദങ്ങളും പുത്രനെ പരാമർശിക്കുന്നു. ഇത് എന്താണ് അർഥമാക്കുന്നത്? ഇത് ദൈവത്തിന്റെ ദൈവം എന്ന് അർഥമാക്കുന്നതായി തോന്നുന്നു. "ദൈവമേ,...നിന്റെ ദൈവം." പുത്രൻ ദൈവം തന്നെയായതിനാൽ, അവൻ ദൈവമാണ്; അതുകൊണ്ട് വാക്യം 8 "ദൈവമേ" എന്ന് പറയുന്നു. പുത്രൻ

മനുഷ്യനും ആയതിനാൽ ദൈവം അവന്റെ ദൈവമാണ്: അതുകൊണ്ട്, വാക്യം 9 "നിന്റെ ദൈവം" എന്ന് പറയുന്നു. ക്രിസ്തുവിനെ ഗ്രഹിക്കുവാൻ അത്ര ലളിതമല്ല: അവന് നിരവധി വശങ്ങളുണ്ട്. അവൻ ദൈവപുത്രൻ, ദൈവം തന്നെയാണ്. അവൻ മനുഷ്യപുത്രൻ, ഒരു യഥാർഥ മനുഷ്യനുമാണ്. "ഇത്ര വലിയ രക്ഷയെ" അനാവരണം ചെയ്യുന്നതിന് എബ്രായലേഖനം നമുക്ക് ഒന്നാമത് ക്രിസ്തുവിനെ ദൈവപുത്രനായി, ദൈവം തന്നെയായി പരാമർശിക്കുന്നു. ദൈവപുത്രനാകുന്ന, ദൈവം തന്നെയാണ് "ഇത്ര വലിയ രക്ഷ"യുടെ മൂലകങ്ങളിലൊന്ന്. ദൈവം താൻ ആകുന്നത് രക്ഷയെ "ഇത്ര വലിയത്" ആക്കുന്നു. ദൈവത്വത്തിന്റെ എല്ലാ നിറവിനാലും ഈ രക്ഷ വലിയതാണ്.

## B. മനുഷ്യപുത്രനെന്ന നിലയിൽ, മനുഷ്യനായി

ഒന്നാമതായി, "ഇത്ര വലിയ രക്ഷ" എന്ന് പറഞ്ഞിരിക്കുന്ന 2:3-ന് മുമ്പ്, എങ്ങനെ ക്രിസ്തു ദൈവപുത്രൻ, ദൈവം തന്നെയാകുന്നു എന്ന് എബ്രായലേഖനം വെളിപ്പെടുത്തുന്നു. 2:3-ന് ശേഷം, ക്രിസ്തുവിൽ നമുക്കുള്ള രക്ഷ വളരെ വലുതാണെന്ന് കാണിക്കുവാനായി, അവൻ എങ്ങനെ മനുഷ്യപുത്രൻ, ഒരു യഥാർഥ മനുഷ്യനാകുന്നു എന്ന് നമുക്കു കാണിച്ചുതന്നുകൊണ്ട് ഈ ലേഖനം തുടരുന്നു. ക്രിസ്തുവിൽ നമുക്കുള്ള രക്ഷ കേവലം പാപമോചനം, നീതീകരണം, നിരപ്പ്, വീണ്ടെടുപ്പ്, വീണ്ടുംജനനം തുടങ്ങിയ ചില കാര്യങ്ങളല്ല, മറിച്ച് നിത്യതയിൽ ദൈവവും കാലത്തിൽ മനുഷ്യനുമായ അത്ഭുതവാനും അപരിമിതനുമായ ഒരു വ്യക്തി കൂടിയാണ്. അങ്ങനെയുള്ള വിസ്മയാവഹനായ ഒരു വ്യക്തിയാണ് അവന്റെ രക്ഷയെ "ഇത്ര വലിയ"താക്കുന്നത്.

ക്രിസ്തു ദൈവംതന്നെയും, ഒരു യഥാർഥ മനുഷ്യനും ആകുന്നു (2:6). വർഷങ്ങളായി ഞാൻ രക്ഷിക്കപ്പെട്ടവനായിരുന്നെങ്കിലും, എന്റെ രക്ഷകൻ ദൈവവും മനുഷ്യനുമാണെന്ന് എനിക്ക് വ്യക്തമല്ലായിരുന്നു. അവൻ ദൈവപുത്രനാണെന്നു മാത്രമേ എനിക്കറിയാമായിരുന്നുള്ളൂ. അവൻ ദൈവമാണെന്നുപോലും എനിക്ക് വ്യക്തമല്ലായിരുന്നു, അവൻ മനുഷ്യനുമാണെന്ന് തീർത്തും അറിഞ്ഞിരുന്നില്ല. നമ്മുടെ കർത്താവായ യേശു ദൈവവും മനുഷ്യനുമാണ്.

ക്രിസ്തു ഒരു മനുഷ്യനായി മരിച്ചുവെന്നും, എന്നാൽ അവൻ ഉയിർത്തെഴുന്നേറ്റ് സ്വർഗാരോഹണം ചെയ്തശേഷം ഇനിമേൽ ഒരു മനുഷ്യനല്ലെന്നും ചില ക്രിസ്ത്യാനികൾ, ചില ക്രിസ്തീയ വേലക്കാർപോലും, വാദിച്ചിരിക്കുന്നു. സ്വർഗത്തിലെ യേശു ഇനിമേൽ ഒരു മനുഷ്യനല്ലെന്ന് അവർ അവകാശപ്പെടുന്നു. ഈ ധാരണയനുസരിച്ച്, യേശു ഉയിർത്തെഴുന്നേറ്റപ്പോൾ, അവൻ തന്റെ മനുഷ്യത്വത്തെ ഉരിഞ്ഞുകളഞ്ഞു. അങ്ങനെയുള്ള

വാദങ്ങൾ എനിക്കു നേരെയായതുകൊണ്ട്, ഈ വരികളുള്ള ഗീതം ഞാൻ മനഃപൂർവം എഴുതി,

യേശു സ്വർഗ്ഗേ ഇരിക്കുന്നു,
കർത്തൻ ക്രിസ്തു സിംഹാസനേ:
ദൈവത്താൽ ഉയർത്തിയ നരനായി
ദൈവതേജസ്സണിഞ്ഞു.

ഈ വാദങ്ങൾക്ക് മറുപടിയായി ഞാൻ ചോദിച്ചു, "സ്വർഗത്തിലിരിക്കുന്ന യേശു ഇനിമേൽ മനുഷ്യപുത്രനല്ലെങ്കിൽ, സ്തെഫാനൊസിന് അവനെ മനുഷ്യപുത്രനായി എങ്ങനെ കാണുവാൻ കഴിഞ്ഞു?" (പ്രവൃ. 7:56). കൂടാതെ, അവൻ ഇപ്പോൾ സ്വർഗത്തിൽ ഇരിക്കുകയും ഭാവിയിൽ മടങ്ങിവരുകയും ചെയ്യുന്ന മനുഷ്യപുത്രനാണെന്ന് മത്തായി 26:64 നമുക്ക് കാണിച്ചുതരുന്നു. മാത്രമല്ല, അവൻ സ്ഥലം സഭകളുടെ നടുവിൽ നിൽക്കുന്ന മനുഷ്യപുത്രനാണെന്നും (1:13), അവൻ മനുഷ്യപുത്രനായി മടങ്ങിവരുമെന്നും വെളിപ്പാട് പുസ്തകം നമ്മോടു പറയുന്നു (14:14). ഇക്കാരണത്താൽ, സ്വർഗാരോഹണത്തിനുശേഷം എഴുതപ്പെട്ട 1 തിമൊഥെയൊസ് 2:5 ഇപ്പോഴും അവനെ "മനുഷ്യനായ ക്രിസ്തു യേശു" എന്നു വിളിക്കുന്നു. നമ്മുടെ രക്ഷകൻ ഒരു മനുഷ്യനാണ്. യേശു ഉയിർത്തെഴുന്നേറ്റെങ്കിലും, അവൻ ഇപ്പോഴും ഒരു മനുഷ്യൻ, ഉയിർത്തെഴുന്നേറ്റ ഒരു മനുഷ്യൻ, ഉയർത്തപ്പെട്ട ഒരു മനുഷ്യൻ, ആരോഹണത്തിൽ, സ്വർഗത്തിലെ സിംഹാസനത്തിൽ ഇരിക്കുന്ന ഒരു മനുഷ്യനാണ്. യേശു ദൈവവും മനുഷ്യനും ആയതുകൊണ്ട്, നമ്മുടെ രക്ഷകനായിരിക്കുവാൻ യോഗ്യനാണ്. അതുകൊണ്ടാണ് അവന്റെ രക്ഷ "ഇത്ര വലുത്," ആകുന്നത് - അത് ദൈവത്തിന്റെ മൂലകത്തിൽ മാത്രമല്ല, മനുഷ്യന്റെ മൂലകത്തിലും വലുതാകുന്നു. എല്ലാ ദിവ്യ സദ്ഗുണങ്ങളും എല്ലാ മാനുഷിക നന്മകളും "ഇത്ര വലിയ രക്ഷ"യുടെ ചേരുവകളാണ്. ഈ "ഇത്ര വലിയ രക്ഷയിൽ" നാം ദൈവത്വത്തിന്റെ സമ്പൂർണതയും മനുഷ്യനായ യേശുവിന്റെ ഉയർത്തപ്പെട്ട മനുഷ്യത്വവും ആസ്വദിക്കുന്നു. ഈ "ഇത്ര വലിയ രക്ഷയിൽ" ക്രിസ്തുവിന്റെ ദിവ്യ സ്വഭാവവും മനുഷ്യ സ്വഭാവവും നമുക്കുണ്ട്. എത്ര അത്ഭുതകരമായ മൂലകങ്ങളാണ് ഈ "ഇത്ര വലിയ രക്ഷയിൽ" അടങ്ങിയിരിക്കുന്നത്! ഒരു മനുഷ്യവാക്കിനും അത് പര്യാപ്തമാംവണ്ണം ഉച്ചരിക്കുവാൻ കഴിയില്ല. "ഇത്ര വലിയ" എന്ന് എഴുത്തുകാരൻ പറയുന്നതിൽ അത്ഭുതപ്പെടാനില്ല!

## C. രക്ഷാനായകൻ

ഇനി നാം രക്ഷാനായകനിലേക്കു വരുന്നു (2:10). നരകത്തിൽനിന്ന് രക്ഷിക്കപ്പെടുന്നതിനായി, നമുക്ക് ഒരു നായകനെ ആവശ്യമില്ല, എന്നാൽ നാം മഹത്വത്തിലേക്ക്,

വിശ്രമത്തിന്റെ നല്ലദേശത്തിലേക്ക് പ്രവേശിക്കണമെങ്കിൽ, നമുക്ക് നായകനെ ആവശ്യമാണ്. ദൈവത്തിന്റെ രക്ഷ കേവലം നമ്മെ നരകത്തിൽനിന്ന് രക്ഷിച്ച് സ്വർഗത്തിലേക്ക് കൊണ്ടുപോകുന്നതല്ല. അവന്റെ രക്ഷ നമ്മെ എല്ലാ പ്രതിലോമ കാര്യങ്ങളിൽനിന്നും രക്ഷിച്ച് മഹത്വത്തിലേക്ക്, മഹത്വകരമായ വിശ്രമത്തിലേക്ക്, കൊണ്ടുവരുന്നതാണ്. നാം ഉടൻതന്നെ കാണുവാൻപോകുന്നതുപോലെ, ഇത്തരത്തിലുള്ള രക്ഷ ഒറ്റരാത്രി കൊണ്ടുള്ള ഒരു കാര്യമല്ല; ഇത് ഒരു ആജീവനാന്ത പ്രക്രിയയാണ്. നമ്മുടെ ജീവിതത്തിലുടനീളം നമ്മുടെ നായകനെ നാം പിന്തുടരണം.

യിസ്രായേൽമക്കൾ ഒരു രാത്രിയിൽ മിസ്രയീമിൽനിന്നു പുറത്തുവന്നു. ഇത് വാസ്തവമായും ഒറ്റരാത്രിയുടെ കാര്യമായിരുന്നു. എങ്കിലും, അവർക്ക് നല്ലദേശത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ, അവരുടെ നായകനെ പിന്തുടരണമായിരുന്നു. തുടക്കത്തിൽ അവർ മോശെയെ പിന്തുടരുകയും പിന്നീട് അവർ യോശുവയെ പിന്തുടരുകയും ചെയ്തു. അവരുടെ രക്ഷയ്ക്കായി അവർക്ക് ഒരു നായകൻ ഉണ്ടായിരുന്നു. അവർ ചെങ്കടൽ കടന്നതിനുശേഷം അവർ തീർച്ചയായും രക്ഷിക്കപ്പെട്ടു, എന്നാൽ അവർ വളരെ ചെറിയ അളവിലേ രക്ഷിക്കപ്പെട്ടിരുന്നുള്ളൂ. അവരുടെ വഴിയുടെ ഒരു ചെറിയ ഭാഗം മാത്രമേ അവർ പോയിരുന്നുള്ളൂ, ബാക്കിയുള്ള വഴിയിലുടനീളവും അവർക്ക് അവരുടെ നായകനെ പിന്തുടരണമായിരുന്നു. രക്ഷയുടെ അത്തരമൊരു നായകനായിരുന്നു അവർക്ക് ഉണ്ടായിരുന്നത്.

ഒരു നായകൻ ഒരു നേതാവിനെ മാത്രമല്ല ഒരു പോരാളിയെയും സൂചിപ്പിക്കുന്നു. ഒരു നായകൻ വഴി വെട്ടുകയും പാത ഒരുക്കുകയും ചെയ്യുന്ന ഒരു നേതാവ് മാത്രമല്ല, പിന്നെയോ വഴിയിലുടനീളം പോരാടുന്നവനുമാണ്. നിങ്ങളുടെ വേദപുസ്തകം നിങ്ങൾ ശ്രദ്ധാപൂർവം വായിച്ചാൽ, യിസ്രായേൽമക്കൾ മിസ്രയീം വിട്ട സമയം മുതൽ നല്ലദേശത്തിൽ പ്രവേശിച്ച സമയം വരെ അവർ എല്ലാവരും വഴിയിലുടനീളം യുദ്ധം ചെയ്യുകയായിരുന്നു എന്നു നിങ്ങൾ കാണും. അതുകൊണ്ടാണ് അവരെ കർത്താവിന്റെ ഗണങ്ങൾ (സൈന്യം) എന്നു വിളിച്ചത് (പുറ. 12:41). യുദ്ധം ചെയ്തുകൊണ്ട് അവർ നല്ലദേശത്തേക്കു പ്രവേശിച്ചു. യുദ്ധം ചെയ്തുകൊണ്ട് നയിക്കുന്ന ഒരു നായകനെ ആയിരുന്നു അവർക്ക് ആവശ്യം. അവർ മുന്നോട്ടു പോകുന്നത് യുദ്ധംചെയ്തു പോകുന്നതിന്റെ കാര്യമായിരുന്നു. അങ്ങനെ, അവർ ഒരു വിശുദ്ധ സൈന്യമായി രൂപീകരിക്കപ്പെടുകയും പരിശീലനം നേടുകയും ചെയ്തു. അവർ പോയിടത്തെല്ലാം അവർ യുദ്ധം ചെയ്തു. അവിടെ വഴിയില്ലാഞ്ഞതിനാൽ അവർക്ക് യുദ്ധം ചെയ്ത് തങ്ങളുടെ വഴി വെട്ടണമായിരുന്നു.

അതുപോലെ, നാം രക്ഷിക്കപ്പെടുകയും, പാപക്ഷമ പ്രാപിക്കുകയും, നീതീകരിക്കപ്പെടുകയും, വീണ്ടുംജനിക്കുകയും ചെയ്ത ദിവസം മുതൽ ഒരു പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. ഒരർഥത്തിൽ, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം പോരാടിക്കൊണ്ട് മുന്നോട്ടുപോകുന്ന ഒരു സൈന്യമാണ്. പോരാട്ടത്തിന്റെ വഴിയല്ലാതെ എടുക്കുവാൻ നമുക്ക് മറ്റൊരു വഴിയുമില്ല. നാമെല്ലാവരും നായകന്റെ കീഴിൽ യുദ്ധം ചെയ്യണം. നമ്മുടെ രക്ഷകനായ യേശു പോരാടുന്ന ഒരു പടനായകനാണ്. അവൻ യുദ്ധം ചെയ്യുന്നു, വഴിയുടെ ഓരോ ഇഞ്ചും പോരാടിക്കൊണ്ട് നാം അവനെ അനുഗമിക്കണം. ക്രിസ്തു രക്ഷാനായകനാണ്. നമ്മുടെ രക്ഷയിൽ ഇങ്ങനെ ഒരു നായകനെ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിൽ, നമ്മുടെ രക്ഷ ഇത്ര വലുതാകുമായിരുന്നില്ല. "ഇത്ര വലിയ രക്ഷയിൽ" ക്രിസ്തു ദൈവപുത്രനെന്ന നിലയിൽ ദൈവമായും, മനുഷ്യപുത്രനെന്ന നിലയിൽ മനുഷ്യനായും മാത്രമല്ല, നാം തേജസ്സിലേക്ക് അവനെ അനുഗമിക്കേണ്ടതിന് നയിക്കുകയും പോരാടുകയും ചെയ്യുന്ന രക്ഷാനായകനായും അവനെ ഉൾപ്പെടുത്തിയിരിക്കുന്നു. രക്ഷാനായകനാണ് നമ്മുടെ രക്ഷയെ "ഇത്ര വലുത്" ആക്കുന്ന ഒരു ഘടകം.

## D. മഹാപുരോഹിതൻ

ക്രിസ്തു നമ്മുടെ രക്ഷാനായകനായി പോരാടുമ്പോൾത്തന്നെ നമ്മുടെ മഹാപുരോഹിതനായി ശുശ്രൂഷിക്കുകയും ചെയ്യുന്നു. വിഷമിക്കരുത്. ഒരു വശത്ത്, അവൻ പോരാടുന്ന രക്ഷാനായകനാണ്; മറുവശത്ത്, അവൻ ശുശ്രൂഷിക്കുന്ന മഹാപുരോഹിതനുമാണ്. നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം അവൻ ശുശ്രൂഷിക്കുന്നു. അതുകൊണ്ട്, ഒന്നിനും കുറവുണ്ടാകുവാനുള്ള കാരണമില്ല. ക്രിസ്തു നിങ്ങളെ ശുശ്രൂഷിക്കും.

അബ്രാഹാം ശത്രുവിനോട് യുദ്ധം ചെയ്ത് ലോത്തിനെ വിടുവിച്ചശേഷം, മഹാപുരോഹിതനായ മൽക്കീസേദെക്ക് അപ്പവും വീഞ്ഞും ശുശ്രൂഷിച്ചുകൊണ്ട് അവന്റെ അടുക്കൽ വന്നു (ഉല്പ. 14:14-20). നാം എബ്രായലേഖനത്തിൽ തുടരുമ്പോൾ, നമ്മുടെ യേശു മൽക്കീസേദെക്കാണെന്ന് നാം കാണും. മെൽക്കീസേദെക്കിന്റെ ശുശ്രൂഷ ആസ്വദിക്കുന്നതിന്, നിങ്ങൾ യുദ്ധം ചെയ്യണം. നിങ്ങൾ യുദ്ധം ചെയ്യുമെങ്കിൽ മാത്രമേ അവൻ നിങ്ങളുടെ അടുക്കൽ വന്ന് നിങ്ങളെ ശുശ്രൂഷിക്കുകയുള്ളൂ. നിങ്ങൾ യുദ്ധം ചെയ്യുന്നില്ലെങ്കിൽ, മൽക്കീസേദെക്ക് അപ്പവും വീഞ്ഞും ശുശ്രൂഷിക്കുന്നതുപോലെ ക്രിസ്തു വന്ന് ശുശ്രൂഷിക്കുമെന്ന് പ്രതീക്ഷിക്കരുത്. എന്നാൽ യുദ്ധം ചെയ്യുവാൻ നിങ്ങൾ മനസ്സുള്ളവനാണെങ്കിൽ, യുദ്ധത്തിന്റെ ഓരോ ചെറിയ ഭാഗത്തിനുശേഷവും ശുശ്രൂഷിക്കുന്ന മൽക്കീസേദെക്കായി ക്രിസ്തു നിങ്ങളുടെ അടുക്കൽ വരുകയും നിങ്ങൾ അവന്റെ

അപ്പവീഞ്ഞുകളുടെ സഹായം ആസ്വദിക്കുകയും ചെയ്യുമെന്ന് എനിക്ക് ഉറപ്പു നല്കുവാൻ കഴിയും. ഇത് അത്ഭുതകരമാണ്. ഇത് നമ്മുടെ രക്ഷയെ ഇത്രയും വലുതാക്കുന്ന മറ്റൊരു ഘടകമാണ്.

"ഇത്ര വലിയ രക്ഷ"യിൽ ഒരു വീണ്ടെടുപ്പുകാരനും ഒരു രക്ഷകനും മാത്രമല്ല ഉള്ളത്, പിന്നെയോ നമുക്കുവേണ്ടി പോരാടുന്ന ഒരു രക്ഷാനായകനും നമ്മെ ശുശ്രൂഷിക്കുന്ന ഒരു മഹാപുരോഹിതനും ഉണ്ട്. അധൈര്യപ്പെടരുത്. നിങ്ങൾ യുദ്ധം ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ പരാജയപ്പെടുകയും, നിങ്ങളെ പോഷിപ്പിക്കുവാൻ അപ്പവും വീഞ്ഞും ഇല്ലാതിരിക്കുകയും ചെയ്യും. എന്നാൽ, നിങ്ങൾ യുദ്ധം ചെയ്യുന്നെങ്കിൽ, നിങ്ങൾ ജയം നേടുക മാത്രമല്ല, പിന്നെയോ അപ്പവും വീഞ്ഞും ലഭിക്കുകയും ചെയ്യും. ഇത്ര വലിയ രക്ഷയ്ക്കായി ഹല്ലേലൂയാ! അത് ക്രിസ്തു താൻ ആയിരിക്കുന്നതിൽ വലുതാകുന്നു.

## II. ക്രിസ്തു ചെയ്തുകഴിഞ്ഞതിലും ചെയ്തുകൊണ്ടിരിക്കുന്നതിലും ചെയ്യുവനിരിക്കുന്നതിലും വലുതാകുന്നു

### A. പാപങ്ങൾക്ക് ശുദ്ധീകരണം വരുത്തി

ക്രിസ്തു എന്താണ് ചെയ്തത്? അവൻ പാപങ്ങൾക്ക് ശുദ്ധീകരണം വരുത്തി (1:3). സമാധാനത്തിലായിരിക്കുക. നിങ്ങളുടെ പാപം ശുദ്ധീകരിക്കപ്പെട്ടു. നിങ്ങളുടെ പാപങ്ങളെ നിങ്ങൾ വെറുക്കേണ്ടതാണെങ്കിലും, നിങ്ങൾ അവയാൽ അസ്വസ്ഥരാകേണ്ട ആവശ്യമില്ല. ക്രിസ്തു ഒരിക്കലായി നമ്മുടെ പാപങ്ങൾക്ക് ശുദ്ധീകരണം വരുത്തിയിരിക്കുന്നു (7:27).

### B. നമുക്കുവേണ്ടി മരണം ആസ്വദിച്ചു

ക്രിസ്തു നമുക്കുവേണ്ടി മരണം ആസ്വദിച്ചു (2:9). അവൻ മരണം ആസ്വദിച്ചതിനാൽ മരണത്തെ നീക്കിക്കളഞ്ഞിരിക്കുന്നു (2 തിമോ 1:10). മരണത്തെ ഇല്ലാതാക്കി. മരണത്തിൽ വിശ്വസിക്കരുത്. അതിനെ നിഷേധിക്കുക. നിങ്ങളുടെ സഭയിൽ മരണമുണ്ടോ? അതിനെ നിഷേധിക്കുക. നിങ്ങളുടെ ഭൗതിക ശരീരത്തിൽ മരണത്തിന്റെ സാന്നിധ്യത്തെ സൂചിപ്പിക്കുന്ന ഒരു രോഗമുണ്ടോ? അതിനെ വിശ്വസിക്കരുത്, അതിനെ അംഗീകരിക്കയുമരുത്. അതൊരു നുണയാണ്.

### C. നമ്മെ അടിമത്തത്തിൽനിന്നും വിടുവിക്കുവാൻ നമ്മുടെ പ്രകൃതത്തിൽ പങ്കാളിയായിത്തീർന്നതിലൂടെ സാത്താനെ നശിപ്പിച്ചു

ക്രിസ്തു സാത്താനെ നശിപ്പിച്ചിരിക്കുന്നു. മരണത്തിന്റെ അധികാരിയായ പിശാചിനെ നശിപ്പിക്കുന്നതിനായി അവൻ

നമ്മുടെ പ്രകൃതത്തിൽ പങ്കുചേർന്നു (2:14-15). അവൻ ഇത് ക്രൂശിൽ ചെയ്തിരിക്കുന്നു. സാത്താൻ അവസാനിച്ചു. സാത്താൻ വരുമ്പോഴെല്ലാം നിങ്ങൾ പറയണം, "സാത്താനേ, നീ തെറ്റായ സ്ഥലത്ത് വന്നിരിക്കുന്നു. നിന്നെ നശിപ്പിച്ചിരിക്കുന്നുവെന്ന് നീ അറിയുന്നില്ലയോ? ആരാണ് നിന്നെ വിട്ടയച്ചത്? നിന്റെ സ്ഥലത്തേക്ക് മടങ്ങിപ്പോകുക." സാത്താനെ പരാജയപ്പെടുത്താനുള്ള ഏറ്റവും നല്ല മാർഗം അവനെ ലജ്ജിപ്പിക്കുന്നതാണ്. "സാത്താനേ, നിന്നെ പരാജയപ്പെടുത്തിയെന്ന് നിനക്കറിയില്ലേ? നിന്നെ നശിപ്പിച്ചിരിക്കുന്നു. മടങ്ങിപ്പോയി നിന്റെ സ്ഥാനം കാത്തുകൊള്ളുക." എന്ന് പറയുക. സാത്താൻ പോകും. നമ്മുടെ സ്വഭാവത്തിൽ പങ്കുചേരുകയും സാത്താനെ നശിപ്പിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തു അടിമത്തത്തിൽനിന്ന് നമ്മെ വിടുവിച്ചിരിക്കുന്നു. മരണത്തെ ഇല്ലാതാക്കുകയും, മരണത്തിന്റെ അധികാരിയായ സാത്താനെ നശിപ്പിക്കുകയും, നമ്മെ അടിമത്തത്തിൽനിന്ന് വിടുവിക്കുകയും ചെയ്തിരിക്കുന്നു.

## D. നമ്മെ വിശുദ്ധീകരിക്കുന്നു

ക്രിസ്തു ഇപ്പോൾ നമ്മെ വിശുദ്ധീകരിക്കുന്നു (2:11). അവൻ വിശുദ്ധീകരിക്കുന്നവനും, നാം വിശുദ്ധീകരിക്കപ്പെടുന്നവരും ആണ്. അവൻ ദിനമ്പ്രതി നമ്മെ വിശുദ്ധീകരിക്കുന്നു (1 തെസ്സ. 5:23-24). അവന്റെ സ്വരൂപത്തോട് നാം പൂർണമായി രൂപാന്തരപ്പെടുന്നതുവരെ നാം തുടർച്ചയായി അവന്റെ വിശുദ്ധീകരണ വേലയിൻകീഴിലായിരിക്കണം (2 കൊരി. 3:18).

## E. നമ്മെ സഹായിക്കാൻ പ്രാപ്തനാകുന്നു

നമ്മെ സഹായിക്കാൻ ക്രിസ്തു പ്രാപ്തനാണ് (2:18). നമ്മെ അങ്ങേയറ്റം സഹായിക്കുവാൻ അവനു കഴിയും. നുണകൾ ചെവിക്കൊള്ളരുത്. നിങ്ങളുടെ പരിതസ്ഥിതി, ബലഹീനത, സാഹചര്യം എന്നിവയെയോ നിങ്ങളുടെ ഭർത്താവ് അഥവാ ഭാര്യ എന്നിവരെയോ ചെവിക്കൊള്ളരുത്. നിങ്ങളുടെ ഭാര്യയോ ഭർത്താവോ അല്പം നുണയനാകാം. നിങ്ങളുടെ രോഗം, ബലഹീനത, പരിസ്ഥിതി എന്നിവയും നുണകളായിരിക്കാം. നുണ വിശ്വസിക്കരുത്. നേതൃത്വമെടുക്കുന്ന സഹോദരന്മാർ ഒരിക്കലും നുണകൾ കേൾക്കരുത്. നേതൃത്വമെടുക്കുന്ന സഹോദരന്മാരോട് നുണ പറയുവാൻ പലപ്പോഴും സഹോദരീ സഹോദരന്മാരെ ശത്രു ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, "സഭായോഗം വളരെ താണുപോകുന്നു" എന്ന് ഒരാൾ പറഞ്ഞേക്കാം. ഒരാൾ ഇതു പറയുമ്പോൾ അവനോട് തർക്കിക്കേണ്ട ആവശ്യമില്ല. കണ്ണുകൾ അടച്ച് സ്വയം പറയുക, "ഇത് ഒരു നുണയാണ്. പോകുക. സഭ ജീവനുള്ളതെന്നും ഉന്നതമായി നിലകൊള്ളുന്നുവെന്നും ഞാൻ

വിശ്വസിക്കുന്നു." ഇതാണ് വിശ്വാസം. ഇത് പരീക്ഷിച്ച് നോക്കുക. സഹോദരിമാരേ, നിങ്ങളുടെ ഭർത്താവ് നല്ലവനല്ലെന്ന് നിങ്ങൾ പറയുന്നുവെങ്കിൽ, നിങ്ങൾ അങ്ങനെ പ്രവചിച്ചതുകൊണ്ട് അവൻ നല്ലവനായിരിക്കില്ലെന്ന് നിങ്ങൾക്ക് ഉറപ്പുതരുവാൻ എനിക്കു കഴിയും. നിങ്ങൾ നദി മുറിച്ചുകടക്കണം. നിങ്ങളുടെ ഭർത്താവ് നല്ലവനല്ലെന്ന് വിശ്വസിക്കരുത്, പകരം "എന്റെ ഭർത്താവ് എല്ലാ മനുഷ്യരിലും ഏറ്റവും മികച്ചവനാണ്" എന്നു പറയുക. നിങ്ങൾ ഇത് പറയുന്നുവെങ്കിൽ, നിങ്ങളുടെ പ്രവചനത്തെ മാനിക്കുവാനും നിങ്ങളുടെ ഭർത്താവിനെ ഏറ്റവും മികച്ചവനാക്കുവാനും കർത്താവു കടന്നു വരും. സകല കാര്യങ്ങളിലും നമ്മെ സഹായിക്കുവാൻ അവൻ പ്രാപ്തനാണ്. ഏതു തരത്തിലുള്ള സാഹചര്യത്തിലും നമുക്ക് അഭയം നല്കുവാൻ അവൻ പ്രാപ്തനാണ്.

ക്രിസ്തു മുൻകാലങ്ങളിൽ ചെയ്തതും ഇപ്പോൾ ചെയ്യുന്നതും ഭാവിയിൽ ചെയ്യുന്നതുമായ സകല കാര്യങ്ങളും "ഇത്ര വലിയ രക്ഷ"യിൽ ഉൾപ്പെട്ടിരിക്കുന്നു. ഇവ എല്ലാം അവന്റെ രക്ഷയെ "ഇത്ര വലിയതാക്കുന്ന" ഘടകങ്ങളാണ്.

## III. അതിന്റെ വ്യാപ്തിയിൽ വലുതാകുന്നു

### A. നമ്മെ ദൈവത്തിന്റെ നിയമിക്കപ്പെട്ട അവകാശിയുടെ കൂട്ടാളികളാക്കുന്നതിന്

ഈ "ഇത്ര വലിയ രക്ഷ" അതിന്റെ വ്യാപ്തിയിൽ വളരെ വലുതാണ്, അതു നമ്മെ ദൈവത്തിന്റെ നിയുക്ത അവകാശിയുടെ കൂട്ടാളികളാക്കുന്നു (1:2, 9). അഞ്ചാമത്തെ ദൂതിൽ ഞങ്ങൾ ഇത് മതിയാംവണ്ണം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, ഞങ്ങൾ അത് ഇവിടെ ആവർത്തിക്കുന്നില്ല.

### B. നമ്മെ തേജസ്സിലേക്കു കൊണ്ടുവരുന്നതിന്

ഇത്ര വലിയ രക്ഷ നമ്മെ തേജസ്സിലേക്ക് കൊണ്ടുവരും (2:10). മറ്റു സന്ദർഭങ്ങളിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, തേജസ്സ് എന്നത് ദൈവം വെളിവാക്കപ്പെടുന്നതാണ്. ദൈവപുത്രന്മാരായ നാം ആ തേജസ്സിന്റെ വെളിവാകലിലേക്ക് കൊണ്ടുവരപ്പെടും (റോമ. 8:19-21). അതായിരിക്കും നാം ക്രിസ്തുവിൽ അനുഭവിക്കുന്ന രക്ഷയുടെ ഉച്ചസ്ഥിതി. അതിനാൽ ഇത് തീർച്ചയായും നമ്മുടെ രക്ഷയെ "ഇത്ര വലുത്" ആക്കുന്ന ഒരു പ്രധാന ഘടകമാണ്.

### C. വരാനിരിക്കുന്ന ആൾപ്പാർപ്പുള്ള ഭൂമിയെ നാം ക്രിസ്തുവിനോടുകൂടെ സ്വന്തമാക്കുവാൻ ഇടയാക്കേണ്ടതിന്

ഈ വലിയ രക്ഷ നമ്മെ ക്രിസ്തുവിനോടുകൂടെ വരാനിരിക്കുന്ന ആൾപ്പാർപ്പുള്ള ഭൂമിയെ സ്വന്തമാക്കുവാൻ ഇടയാക്കും (2:5).

മേയറോ, സെനറ്ററോ, ഗവർണറോ പ്രസിഡന്റോ ആകുവാൻ നാം ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കേണ്ട ആവശ്യമില്ല. വരാനിരിക്കുന്ന ആൾപ്പാർപ്പുള്ള ഭൂമിയെ നാം അവകാശമാക്കും. ഇതൊരു സ്വപ്നമല്ല. അങ്ങനെ ബൈബിൾ നമ്മോടു പറയുന്നു. "ഞാൻ ഭൂമിയെ അവകാശമാക്കുവാൻ പോകുന്നു. ബൈബിൾ എന്നോട് അങ്ങനെ പറയുന്നതിനാൽ ഇത് എനിക്കറിയാം" എന്ന് നിങ്ങൾക്കു പ്രഖ്യാപിക്കാം.

### D. നമ്മെ പൂർണമായി രക്ഷിക്കുന്നതിന്

ഇത്ര വലിയ രക്ഷയിൽ നാം പൂർണമായി രക്ഷിക്കപ്പെടും (7:25). ഈ രക്ഷ പരിധിയില്ലാത്തതാണ്, നമ്മെ പൂർണമായും, സമഗ്രമായും, സദാകാലത്തേക്കും തകഞ്ഞതായും, അന്ത്യത്തോളവും രക്ഷിക്കുന്നു. ഇതാണ് നമ്മുടെ "ഇത്ര വലിയ രക്ഷ"യുടെ വ്യാപ്തി.

ക്രിസ്തു താൻ ആയിരിക്കുന്നതിലും, ക്രിസ്തു താൻ ചെയ്യുന്നതിലും, അതിന്റെ വ്യാപ്തിയിലുമാകുന്നു "ഇത്ര വലിയ രക്ഷ" വലുതായിരിക്കുന്നത്. അതിന്റെ ഏറ്റവും അമൂല്യമായ ഭാഗം ഈ യുഗത്തിൽ നമ്മുടെ രക്ഷിക്കുന്ന ജീവനായും വിശ്രമമായും ക്രിസ്തുവിനെ ആസ്വദിക്കുന്നതും, അതിന്റെ ഏറ്റവും മഹത്വകരമായ ഭാഗം വരാനിരിക്കുന്ന യുഗത്തിൽ തേജസ്സോടുകൂടെ ക്രിസ്തുവിന്റെ രാജ്യം അവകാശമാക്കുന്നതും ആകുന്നു.

## IV. മുന്നറിയിപ്പ്

### A. ഇതിനെ അത്യധികം കരുതിക്കൊള്ളുക

വാക്യം 2:1 പറയുന്നു, "നമ്മെ കേൾപ്പിച്ചിരിക്കുന്ന കാര്യങ്ങളെ നാം അത്യധികം കരുതിക്കൊള്ളേണ്ടതാകുന്നു." ഈ സന്ദേശങ്ങളിൽനിങ്ങൾവളരെയധികം കാര്യങ്ങൾ കേട്ടിരിക്കുന്നു, നിങ്ങൾ കേട്ടത് അത്യധികം കരുതികൊള്ളേണ്ടതാകുന്നു. നിങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറി നിങ്ങൾ കേൾക്കുകയോ കാണുകയോ ചെയ്തിട്ടില്ല എന്ന് പറയുവാൻ നിങ്ങൾക്ക് കഴിയുകയില്ല.

### B. അതിൽനിന്ന് ഒഴുകിപ്പോകരുത്

നാം കേട്ടിട്ടുള്ളവയെ എന്തുകൊണ്ട് അത്യധികം കരുതിക്കൊള്ളണം? കാരണം "ഒരുപക്ഷേ നാം ഒഴുകിപ്പോകാതിരിക്കേണ്ടതിന്." നിങ്ങൾ കേട്ടതിൽനിന്നും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കരുതിക്കൊള്ളുക. ലക്ഷ്യമോ ദിശയോ ഇല്ലാതെ കേവലം പ്രവാഹത്തിനനുസരിച്ച് ഒഴുകുന്ന ഒരു വിറകിൻ കഷണമാകരുത്. ഒഴുകിപ്പോകേണ്ടതിന് ഒരു പ്രവാഹമുണ്ടായിരിക്കണം. എബ്രായ

വിശ്വാസികൾക്ക് യെഹൂദമതത്തിൽ ഒരു പ്രവാഹമുണ്ടായിരുന്നു. ഇപ്പോൾ ലോകത്തിലും ക്രിസ്തുമതത്തിൽപോലും ഒരു പ്രവാഹമുണ്ട്. ഇന്ന് നിരവധി പ്രതിലോമ പ്രവാഹങ്ങളുണ്ട്. ജാഗ്രത പാലിക്കുക, അല്ലെങ്കിൽ നിങ്ങൾ "ഇത്ര വലിയ രക്ഷ"യിൽ നിന്ന് ഒഴുകിപ്പോകും. ഒഴികിപ്പോകരുത് — നദി മുറിച്ചുകടക്കുക.

## C. ഇതിനെ അവഗണിക്കരുത്

കൂടാതെ, "ഇത്ര വലിയ രക്ഷയെ" നാം അവഗണിക്കരുത് (2:4). നാം അത് അവഗണിക്കുന്നുവെങ്കിൽ, ആ കാര്യത്തിൽ നമുക്ക് ന്യായമായ പ്രതിഫലം ലഭിക്കും (2:2). നമുക്ക് നഷ്ടമുണ്ടാകും (1 കൊരി. 3:15). എങ്കിലും, ഇതിനർഥം നാം നഷ്ടപ്പെട്ടുപോകുമെന്നല്ല. എന്നിരുന്നാലും, നമ്മുടെ അശ്രദ്ധമൂലം നമുക്ക് ന്യായമായ പ്രതിഫലം കിട്ടിയേക്കും. അത് ഒരു വലിയ നഷ്ടമായിരിക്കും. നമ്മിലാരും ഈ വിഭാഗത്തിലേക്ക് വീണുപോകയില്ല എന്നു ഞാൻ പ്രത്യാശിക്കുന്നു. നദി മുറിച്ചുകടന്ന് നമുക്കെല്ലാവർക്കും നമ്മുടെ രക്ഷാനായകനോടുകൂടെ തേജസ്സിലേക്കു മുന്നേറാം.